DEPARTMENT OF AGRICULTURE

# FARM INFORMATION BUREAU

FARM NEWS

10.06.2019

## കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയിൽ പുതുതായി ആരംഭിക്കുന്ന കാർഷിക സംരംഭകത്വ വികസന ശില്പശാലയിലേക്ക് കാർഷിക മേഖലയിൽ പുതിയ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന യുവാക്കളുടേയും വിദ്യാർത്ഥികളുടേയും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകരിൽ നിന്നും തിരഞ്ഞെടുക്കുന്നവർക്ക് രണ്ട് മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന കാലയളവിൽ പ്രതിമാസം 10000/- രൂപ സഹായധനമായി നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്ന് തിരഞ്ഞെടുക്കുന്ന നവ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ മാതൃകാരൂപീകരണത്തിനായി 5 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കുന്നതാണ്. നൂതന ആശയങ്ങളുടെ വാണിജ്യവത്ക്കരണത്തിനും മാതൃകാ വിപുലീകരണത്തിനുമായി നവസംരംഭകർക്ക് കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേഷൻ സൗകര്യം ഉപയോഗപ്പെടുത്തുവാനായി സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പരിപാടിയിലേക്കും ഇതോടൊപ്പം അപേക്ഷ സമർപ്പിക്കാവുന്നതാണ്. 25 ലക്ഷം രൂപ വരെ ധനസഹായവും വിദഗ്ധരുടെ നിർദ്ദേശങ്ങളും

സാങ്കേതിക സഹായവും ഇൻക്യുബേഷൻ സൗകര്യവും ഇതിലൂടെ ലഭ്യമാകുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 15.06.2019. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## മത്സ്യകൃഷിക്ക് ധനസഹായം

ഫിഷറീസ് വകുപ്പിന്റെ പദ്ധതി പ്രകാരം ജനിതകമാറ്റം വരുത്തിയ ആൺ തിലാപ്പിയകൾ മറ്റു നാടൻ മൽസ്യസമ്പത്തുമായി ഇടകലരാതിരിക്കാനുള്ള നിശ്ചിത മാനദണ്ഡങ്ങൾക്ക് അനുസൃതമായി ലൈസൻസും രജിസ്ട്രേഷനും ലഭിച്ചതും ജൈവ സുരക്ഷ ഏർപ്പെടുത്തിയതുമായ കുളങ്ങളിൽ നൈൽ തിലാപ്പിയ കൃഷി നടത്താം. 50 സെന്റ് എങ്കിലും വിസ്തൃതിയുള്ള കുളങ്ങളിൽ നൈൽ തിലാപ്പിയ വളർത്തുന്നതിന് ഹെക്ടറിന് 12 ലക്ഷം രൂപ ചെലവു വരും. ഇതിന്റെ 40 ശതമാനം ഹെക്ടറിനു പരമാവധി 4.8 ലക്ഷം രൂപയും പഴയ യൂണിറ്റുകൾക്കു 2.4 ലക്ഷം രൂപയും സഹായം നൽകുന്നു.

## അറിയിപ്പ്

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി മണ്ണുത്തിയിലുള്ള മീറ്റ് ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ **മാംസ്യ സംസ്കരണവും പ്ലാന്റ് ഓപ്പറേഷൻ** എന്ന വിഷയത്തിൽ രണ്ടു വർഷത്തെയും, സംശുദ്ധമായ മാംസ്യ ഉത്പാദനവും മാംസ്യ സംസ്കരണവും എന്ന വിഷയത്തിൽ ഒരു വർഷത്തേക്കും ഉള്ള ട്രെയിനിങ്ങിന് അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത വി. എച്ച്.

എസ്. ഇ, കൂടാതെ മീറ്റ് പ്ലാന്റ് ഓപ്പറേഷൻ എന്ന വിഷയത്തിൽ ഒരു വർഷത്തെയും ട്രെയിനിങ്ങിന് അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത ഐ. റ്റി. ഐ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം **20.** കൂടുതൽ വിവരങ്ങൾക്ക് 9895213500, 8301860956 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## കുടപ്പനക്കുന്ന് പരിശീലനം

തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 14, 15 തീയതികളിൽ മുട്ടക്കോഴിവളർത്തൽ എന്ന വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 0471-2732918.

## കുരുമുളക് തൈകൾ വിൽപ്പനയ്ക്ക് തയ്യാർ

പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രത്തിൽ കുരുമുളക് തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതർ വിവരങ്ങൾക്ക് 0460-2227287 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ദേശീയതലത്തിൽ അക്വാപോണിക്സിന്റെ 3 ദിവസത്തെ പരിശീലനം

കാർഷിക സർവകലാശാലയിലെ Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ അക്വാപോണിക്സ് കൃഷി രീതികൾ എന്ന വിഷയത്തിൽ ദേശീയതലത്തിൽ 3 ദിവസത്തെ പരിശീലനപരിപാടി ഈ മാസം 25 മുതൽ 27 വരെയുള്ള തീയതികളിൽ

നടത്തുന്നു. വിവിധതരം അക്വാപോണിക്സ് സിസ്റ്റം,- രൂപ കൽപ്പനകൾ, പ്രവർത്തന-ഉപയോഗ- പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കുന്നതാണ്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ suseela1963palazhy@gmail.com ,suseela.p@kau.in എന്നീ ഇ മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ : **9961533547, 7025498850.**